(ഡി) ഇതു സംബന്ധിച്ച ചർച്ചകൾ ഇനിയും പൂർത്തിയായിട്ടില്ല.

(ഇ) ഇതു സംബന്ധിച്ച വിവരങ്ങളൊന്നും സംസ്ഥാന വൈദ്യുതി ബോർഡിനോ സർക്കാരിനോ ലഭിച്ചിട്ടില്ല.

സംസ്ഥാനത്തെ താപനിലയങ്ങളിലെ ഉൽപ്പാദന ചെലവ്

77(290) ശ്രീ. കെ. സുധാകരൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്രഹ്മപുരം, കോഴിക്കോട് വൈദ്യുതി നിലയങ്ങളിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എന്തു തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ പവർ പ്രോജക്ടിൽ ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ എന്തു തുക വേണ്ടിവരുമെന്നാണ് ഇതിന്റെ സംഘാടകർ അവകാശപ്പെടുന്നതെന്നും വ്യക്തമാക്കുമോ ;

(സി) കായംകുളം താപവൈദ്യുതി നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് എന്തു വിലയാണ് ആവശ്യപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. ഒരു യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ ബ്രഹ്മപുരം താപനിലയത്തിന് 3 രൂപ 91 പൈസയും കോഴിക്കോട് താപനിലയത്തിന് 3 രൂപ 77 പൈസയും 70% പ്ലാന്റ് ലോഡ് ഫാക്ടറിൽ ചെലവാകും. ഇന്ധനത്തിന്റെ വില മാറുന്നതനുസരിച്ച് ഈ നിരക്ക് മാറുന്നതാണ്.

(ബി) തുക കണക്കുകൂട്ടുന്നതിനാവശ്യമായ വിശദാംശങ്ങൾ മുഴുവനും ഇനിയും സമർപ്പിക്കപ്പെട്ടിട്ടില്ല.

(സി) 2000 -മാണ്ട് ഒക്റ്റോബർ മാസം യൂണിറ്റൊന്നിന് 5 രൂപ 42 പൈസ വച്ചും നവംബർ മാസം 4 രൂപ 26 പൈസ വച്ചും എൻ.ടി.പി.സി. ആവശ്യപ്പെട്ടിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതി

78(292) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർന്ന് നടത്തുവാൻ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് നൽകിയ അനുമതിക്കെതിരെ ഇലക്ട്രിസിറ്റി ബോർഡ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത അപ്പീൽ എന്നാണ് നൽകിയതെന്നും ഇതിന്റെ നടപടി ത്വരിതപ്പെടുത്തുവാൻ ഇലക്ട്രിസിറ്റി ബോർഡ് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ;

(ബി) അപ്പീലുകൾ പിൻവലിച്ച് പ്രവർത്തി തുടർന്ന് നടത്തുവാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ വാഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച് വൈദ്യുതി ബോർഡും മെസ്സേഴ്സ് ഐഡിയൽ പ്രോജക്ട്സുമായി ഉണ്ടാക്കിയിട്ടുള്ള കരാർ വ്യവസ്ഥയനുസരിച്ച് സമയബന്ധിതമായി പണി പുരോഗമിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ വൈദ്യുതി ബോർഡ് റദ്ദാക്കുകയും ഇതിനെതിരെ മെസ്സേഴ്സ് ഐഡിയൽ പ്രോജക്ട്സ് ഒ.പി.19050/96, ഒ.പി.16545/97, ഒ.പി.13956/97 എന്നീ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തു. പണി നീണ്ടു പോകുന്നത് നിർമ്മാണ ചെലവിന്റെ ക്രമാതീതമായ വർദ്ധനവിനും ഇതുമൂലമുണ്ടായേക്കാവുന്ന താരിഫ് വർദ്ധനയ്ക്കും ഇടയാക്കുമെന്നും അതിനാൽ കാലതാമസം ഒഴിവാക്കുവാൻ ബോർഡ് നേരിട്ട് ഈ പണി ചെയ്യണമെന്നതാണ് വൈദ്യുതി ബോർഡിന്റെ നിലപാട്. എന്നാൽ മേൽപ്പറഞ്ഞ കേസുകൾ ഹൈക്കോടതി 1997 മാർച്ച് 12-ാം തീയതിലെ വിധി പ്രകാരം അനുവദിക്കുകയും, ബോർഡിനോട് പവർ പർച്ചേഴ്സ് എഗ്രിമെന്റിൽ ഏർപ്പെടുവാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത വിധി വൈദ്യുതി ബോർഡിന്റെ ഉത്തമ താൽപര്യങ്ങൾക്ക് എതിരാണെന്നുള്ള നിയമോപദേശപ്രകാരം ഡിവിഷൻ ബഞ്ച് മുൻപാകെ അപ്പീൽ ഫയൽ ചെയ്യുവാൻ വൈദ്യുതി ബോർഡ് തീരുമാനിക്കുകയാണുണ്ടായത്. വൈദ്യുതി ബോർഡിന്റെ 20-5-1998-ലെ ഉത്തരവ് പ്രകാരമാണ് അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസ് എത്രയും വേഗം തീർപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സ്റ്റാൻഡിംഗ് കൗൺസിലിന് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബോർഡിന് ലഭിച്ചിട്ടുള്ള നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനമായിട്ടുള്ളത്.

വർക്കല ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ്

79(293) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കലയിൽ ഒരു ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ നിവേദനത്തിൻമേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ; ഇതിന്റെ നടപടികൾ ത്വരിതപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly